/60044/2022

# വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ : പ്രിയങ്ക G, IAS)

വിഷയം:- വനിത ശിശു വികസന വകുപ്പ് – അങ്കണവാടി പരിശീലന പദ്ധതി- അങ്കണവാടി ഹെൽപ്പർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് – ട്രെയിനിംഗ് സംഘടിപ്പിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ടും ഫണ്ട് അനുവദിച്ച കൊണ്ടും ഉത്തരവാകുന്നു.

പരാമർശം:
1. 12.07.2022 ലെ സ.ഉ(സാ.ധാ)നം. 324/2022/വ.ശി.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. ഈ കാര്യാലയത്തിലെ 25.08.2022 ലെ മേൽ നമ്പർ ഉത്തരവ്

**ഉത്തരവ് നം. ICDS.B.8/608/2022 തീയതി: 24-09-2022**

ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവർക്കുള്ള ജോബ്, റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നല്കാത്ത സാഹചര്യത്തിൽ സംസ്ഥാന ഫണ്ട് ഉപയോഗിച്ച് റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും അങ്കണവാടി ഹെൽപ്പർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിനുള്ള അനുമതി പരാമർശം ഒന്ന് പ്രകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. അങ്കണവാടി ഹെൽപ്പർമാർക്കുള്ള റിഫ്രഷർ ട്രെയിനിംഗ് നടത്തുന്നതിന് എല്ലാ പ്രോഗ്രാം ഓഫീസർമാരേയും ചുമതലപ്പെടുത്തിക്കൊണ്ടും ഫണ്ട് അനുവദിച്ച കൊണ്ടും ഉത്തരവാകുന്നു. ട്രെയിനിംഗ് നടത്തുന്നതിന് പരാമർശം രണ്ട് ഉത്തരവിലെ നിർദ്ദേശങ്ങൾ ബാധകമായിരിക്കുന്നതാണ്.

1. ഹെൽപ്പർ റിഫ്രഷർ ട്രെയിനിംഗിന്റെ ആദ്യ രണ്ട് ബാച്ചുകൾക്കുള്ള തുക പരാമർശം രണ്ട് പ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ഒരു ബാച്ചിനുള്ള തുകയാണ് അനുവദിക്കുന്നത്.
2. റിഫ്രഷർ ട്രെയിനിംഗുകൾ നടത്തുന്നതിന് 50 പേർ ഉൾപ്പെടുന്ന ഒരു ബാച്ചിന് പ്രോഗ്രാം ഓഫീസർമാർക്ക് ചുവടെപ്പറയുന്ന ഇനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നു.

| SL No | Item | Rate | Sanctioning Amount |
|---|---|---|---|
| 1. | Food (Breakfast, Lunch, Dinner, Tea & Snacks) | 300/- per head (300x50x5) | 75,000/- |
| 2. | Travelling Allowance | 500/head/course | 25,000/- |
| 3. | Honorarium to Guest Speakers | 1000/- | 20,000/- |

| | | | |
|---|---|---|---|
| | (maximum 20 Lecture per Course) | | |
| 4. | Cost of Training Materials | 100/- per Trainee | 5,000/- |
| 5. | Field Visit | 4,000/- | 4,000/- |
| | Total | | 1,29,000/- |

മേൽ ചിലവുകൾ കൂടാതെ ഒരു ജില്ലയ്ക്ക് ഒരു മാസം 50,000/- രൂപ Room, Hall വാടക ഇനത്തിലും 5,000/- രൂപാ വീതം Other Expenses ഇനത്തിലും അനുവദിക്കുന്നു. പരാമർശം രണ്ട് ഉത്തരവ് പ്രകാരം 50000/- രൂപ വാടക ഇനത്തിൽ അനുവദിച്ചിട്ടുള്ളത് സെപ്റ്റംബർ മാസത്തെ എല്ലാ ട്രെയിനിംഗുകൾക്കും കൂടിയുള്ള തുകയാണ് എന്ന് പരാമർശിച്ചിരുന്നു. ഈ ഉത്തരവിൽ 50,000/- രൂപ കൂടി വാടക ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. അപ്രകാരം ആകെ 1,00,000/- രൂപ ഹാൾ വാടക, താമസം എന്നീ ഇനങ്ങളിൽ അനുവദിച്ചിട്ടുണ്ട്. ഈ തുക ഏത് മാസം എന്ന പരിഗണനയില്ലാതെ ഹെൽപ്പർ റിഫ്രഷർ ട്രെയിനിംഗിന്റെ മുഴുവൻ ബാച്ചുകൾക്കുമുള്ള തുകയാണ്. (തിരുവനന്തപുരം, മലപ്പുറം ജില്ലകളിൽ 8 ബാച്ചുകൾ വീതവും മറ്റ് ജില്ലകളിൽ 7 ബാച്ചുകൾ വീതവും ആണ് നടത്തേണ്ടത്).

1. മേൽ പട്ടിക പ്രകാരം റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നതിന് എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും ചുവടെപ്പറയും പ്രകാരം തുക അനുവദിച്ച് നല്കുന്നു.

| ക്രമ നം | ജില്ല | ട്രെയിനിംഗിന് അനുവദിക്കുന്ന തുക | ഹാൾ, റൂം വാടക | മറ്റ് ചിലവുകൾ | ആകെ അനുവദിക്കുന്ന തുക |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 1,29,000 | 50,000/- | 5000/- | 1,84,000/- |
| 2. | കൊല്ലം | 1,29,000 | 50,000/- | 5000/- | 1,84,000/- |
| 3. | പത്തനംതിട്ട | 1,29,000 | 50,000/- | 5000/- | 1,84,000/- |
| 4. | ആലപ്പുഴ | 1,29,000 | 50,000/- | 5000/- | 1,84,000/- |
| 5. | കോട്ടയം | 1,29,000 | 50,000/- | 5000/- | 1,84,000/- |
| 6. | ഇടുക്കി | 1,29,000 | 50,000/- | 5000/- | 1,84,000/- |
| 7 | എറണാകുളം | 1,29,000 | 50,000/- | 5000/- | 1,84,000/- |
| 8 | തൃശ്ശൂർ | 1,29,000 | 50,000/- | 5000/- | 1,84,000/- |
| 9. | പാലക്കാട് | 1,29,000 | 50,000/- | 5000/- | 1,84,000/- |
| 10. | മലപ്പുറം | 1,29,000 | 50,000/- | 5000/- | 1,84,000/- |
| 11. | കോഴിക്കോട് | 1,29,000 | 50,000/- | 5000/- | 1,84,000/- |
| 12. | വയനാട് | 1,29,000 | 50,000/- | 5000/- | 1,84,000/- |
| 13. | കണ്ണൂർ | 1,29,000 | 50,000/- | 5000/- | 1,84,000/- |
| 14. | കാസർകോഡ് | 1,29,000 | 50,000/- | 5000/- | 1,84,000/- |
| | ആകെ | 18,06,000/- | 7,00,000/- | 70,000/- | 25,76,000/- |

/60044/2022

(ആകെ ഇരുപത്തി അഞ്ച് ലക്ഷത്തി എഴുപത്തി ആറായിരം മാത്രം)

മേൽ ലിസ്റ്റ് പ്രകാരം റിഫ്രഷർ ട്രെയിനിംഗുകൾ സംഘടിപ്പിയ്ക്കുന്നതിനായി ആകെ **25,76,000/** (ആകെ ഇരുപത്തി അഞ്ച് ലക്ഷത്തി എഴുപത്തി ആറായിരം മാത്രം ) എല്ലാ ജില്ലാ വനിത ശിശുവികസന പദ്ധതി ഓഫീസർമാർക്കും അലോട്ട്മെന്റായി അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു. ജില്ലാ വനിത ശിശുവികസന ഓഫീസർമാർ മേൽ തുക അതാത് പ്രോഗ്രാം ഓഫീസർമാർക്ക് അനുവദിച്ച് നല്കേണ്ടതാണ്.

പ്രോഗ്രാം ഓഫീസർമാർ അനുവദിച്ചിട്ടുള്ള ട്രെയിനിംഗുകൾ പൂർത്തിയാക്കി വിശദമായ റിപ്പോർട്ട് (Annexure II), Statement of Expenditure, UC എന്നിവ ഉൾപ്പെടെ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഇതിനാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷത്തെ 2235-02-102-41 (P) ശീർഷകത്തിൽ നിന്നും വഹിയ്ക്കാവുന്നതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസർമാർക്കും

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

പകർപ്പ് :

1. സീനിയർ ഫിനാൻസ് ഓഫീസർ
2. സൂപ്രണ്ട് എ സെക്ഷൻ
3. സൂപ്രണ്ട് പ്ലാനിംഗ് സെൽ
4. ഡയറക്ടറുടെ സി.എ
5. സ്റ്റോക്ക് ഫയൽ/ സ്പെയർ

Signed by Priyanka G
Date: 24-09-2022 12:05:13